# മധുരമായ കുട്ടികളെ - സ്വയത്തെ നന്നാക്കുന്നതിന് വേണ്ടി ശ്രദ്ധ കൊടുക്കൂ, ദൈവീകഗുണം ധാരണ ചെയ്യൂ, ബാബ ഒരിക്കലും ആരോടും ദേഷ്യപ്പെടുന്നില്ല, ശിക്ഷണം നൽകുന്നു, ഇതിൽ പേടിക്കേണ്ട ആവശ്യമില്ല

**ചോദ്യം:-** കുട്ടികൾക്ക് ഏതൊരു സ്മൃതി ഉണ്ടായിരിക്കുകയാണെങ്കിൽ സമയം പാഴാക്കില്ല?
**ഉത്തരം:-** ഇത് സംഗമത്തിന്റെ സമയമാണ്, വളരെ വലിയ ലോട്ടറി ലഭിച്ചിരിക്കുന്നു. ബാബ നമ്മളെ വജ്രസമാനം ദേവതയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സ്മൃതി ഉണ്ടായിരിക്കുകയാണെങ്കിൽ ഒരിക്കലും സമയം പാഴാക്കില്ല. ഈ ജ്ഞാനം വരുമാനമാർഗ്ഗമാണ് അതുകൊണ്ട് പഠിത്തം ഒരിക്കലും മുടക്കരുത്. മായ ദേഹ-അഭിമാനത്തിലേക്ക് കൊണ്ടുവരുന്നതിന് പരിശ്രമിക്കും. എന്നാൽ നിങ്ങൾക്ക് നേരിട്ട് ബാബയോട് യോഗമുണ്ടെങ്കിൽ സമയം സഫലമാകും.

**ഓം ശാന്തി**. കുട്ടികൾക്ക് ഇതറിയാം ഇത് അച്ഛനാണ്, ഇതിൽ പേടിക്കേണ്ട ഒരു കാര്യവുമില്ല. ശപിക്കാനോ ദേഷ്യപ്പെടാനോ ബാബ ഒരു സന്യാസിയോ, മഹാത്മാവോ അല്ല. ആ ഗുരുക്കൻമാർ മുതലായവരിൽ വളരെ ക്രോധമുണ്ട്, അതുകൊണ്ട് ഒരിക്കലും ശപിക്കരുതേ എന്ന് മനുഷ്യർ അവരെ പേടിക്കുന്നു. ഇവിടെയാണെങ്കിൽ ഇങ്ങനെയുള്ള ഒരുകാര്യവുമില്ല. സ്വയം ചഞ്ചലമായിട്ടുള്ളവരാണ് അച്ഛനെ പേടിക്കുന്നത്. ആ ലൗകീക അച്ഛനാണെങ്കിൽ ദേഷ്യപ്പെടുകയും ചെയ്യും. ഇവിടെയാണെങ്കിൽ ബാബ ഒരിക്കലും ദേഷ്യപ്പെടുന്നില്ല. മനസ്സിലാക്കി തരുന്നു, അഥവാ ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ വികർമ്മം നശിക്കില്ല. തന്റെ തന്നെ ജന്മ-ജന്മാന്തരത്തേക്കുള്ള നഷ്ടം ഉണ്ടാക്കും. ബാബ അറിവാണ് തരുന്നത്, ഭാവിയിലേക്ക് നന്നാകാൻ. അല്ലാതെ ബാബ ദേഷ്യപ്പെടുന്നില്ല. ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു, കുട്ടികളേ, സ്വയം നന്നാകുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിൽ അറ്റൻഷൻ നൽകൂ. ഒപ്പം ചക്രത്തെ ബുദ്ധിയിൽ വയ്ക്കൂ, ദൈവീക ഗുണം ധാരണ ചെയ്യൂ. ഓർമ്മയാണ് മുഖ്യം. ബാക്കി സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം സഹജമാണ്. അത് വരുമാനമാർഗ്ഗമാണ്. എന്നാൽ അതിനോടൊപ്പം ദൈവീകഗുണവും ധാരണ ചെയ്യണം. ഈ സമയം തീർത്തും ആസുരീയ ഗുണമാണ്. ചെറിയ കുട്ടികളിൽ പോലും ആസുരീയ ഗുണമാണ് എന്നാൽ അവരെ ഒരിക്കലും അടിക്കരുത് അതിലൂടെ കൂടുതൽ പഠിക്കുന്നു. അവിടെ സത്യയുഗത്തിൽ പഠിക്കുന്നില്ല. ഇവിടെയാണെങ്കിൽ മാതാ-പിതാവിൽ നിന്ന് കുട്ടികൾ എല്ലാം പഠിക്കുന്നു. ബാബ ദരിദ്രരുടെ കാര്യമാണ് പറയുന്നത്. ധനവാൻമാർക്കാണെങ്കിൽ ഇവിടെ സ്വർഗ്ഗം പോലെയാണ്. അവർക്ക് ജ്ഞാനത്തിന്റെ ആവശ്യമില്ല. ഇതാണെങ്കിൽ പഠിത്തമാണ്. ടീച്ചർ വേണം, പഠിപ്പിക്കാനും, നന്നാക്കാനും. അതിനാൽ ബാബ ദരിദ്രരുടെ കാര്യമാണ് പറയുന്നത്. എങ്ങനെയുള്ള അവസ്ഥയാണ്. എങ്ങനെയൊക്കെയാണ് കുട്ടികൾ മോശമാകുന്നത്. മാതാ-പിതാക്കളെയാണ് എല്ലാവരും കണ്ട് പഠിക്കുന്നത്. പിന്നീട് ചെറുപ്രായത്തിൽ തന്നെ എല്ലാവരും മോശമാകുന്നു. ഈ ആത്മീയ അച്ഛൻ പറയുന്നു ഞാനും ദരിദ്രനിൽ വസിക്കുന്നവനാണ്. മനസ്സിലാക്കി തരുന്നു നോക്കൂ ഈ ലോകത്തിൽ മനുഷ്യരുടെ അവസ്ഥ എന്താണ്. തമോപ്രധാന ലോകമാണ്. തമോപ്രധാനതയ്ക്കും ഒരു പരിധി ഉണ്ടായിരിക്കില്ലേ. കലിയുഗത്തിനായി 1250 വർഷം. ഒരു ദിവസം പോലും കുറയുകയോ കൂടുകയോ ഇല്ല. എപ്പോഴാണോ പൂർണ്ണമായും തമോപ്രധാനമായത് അപ്പോഴാണ് ബാബയ്ക്ക് വരേണ്ടി വന്നത്. ബാബ പറയുന്നു ഞാനും ഡ്രാമയിൽ ബന്ധനസ്ഥനാണ്. എനിക്ക് വരേണ്ടി തന്നെ വരുന്നു, തുടക്കത്തിൽ എത്ര ദരിദ്രരാണ് വന്നത്. ധനവാൻമാരും വന്നു, രണ്ട് പേരും ഒരുമിച്ചായിരുന്നു ഇരുന്നത്. വലിയ-വലിയ വീട്ടിലെ പെൺകുട്ടികൾ ഓടി വന്നു, ഒന്നും കൊണ്ടല്ല വന്നത്. എത്ര ബഹളമുണ്ടായി. ഡ്രാമയിൽ എന്ത് സംഭവിക്കാനുണ്ടായിരുന്നോ, അത് സംഭവിച്ചു. ചിന്ത പോലും ഉണ്ടായിരുന്നില്ല, ഇങ്ങനെയാകുമെന്ന്. ബാബ സ്വയം അദ്ഭുതപ്പെട്ടിരുന്നു, എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ ചരിത്രം വളരെ അദ്ഭുതകരമാണ്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ബാബ എല്ലാവരോടും പറഞ്ഞു, കത്തെഴുതിച്ച് കൊണ്ട് വരൂ-ഞങ്ങൾ ജ്ഞാനാമൃതം കുടിക്കാൻ പോകുന്നു. പിന്നീട് അവരുടെ ഭർത്താക്കൻമാർ വിദേശത്ത് നിന്ന് വന്നു. അവർ പറഞ്ഞു വിഷം തരൂ. ഇവർ പറഞ്ഞു ഞങ്ങൾ ജ്ഞാനാമൃതം കുടിച്ചിരിക്കുന്നു, എങ്ങനെ വിഷം നൽകാൻ സാധിക്കും. ഇതിൽ ഇവരുടെ ഒരു ഗീതവുമുണ്ട്. ഇതിനെയാണ് പറയുന്നത് ചരിത്രം. ശാസ്ത്രത്തിൽ പിന്നീട് കൃഷ്ണന്റെ ചരിത്രമായി എഴുതിവച്ചിരിക്കുന്നു. കൃഷ്ണന്റെ കാര്യമല്ല. എന്നാൽ ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. നാടകത്തിൽ ഇതെല്ലാം ഉണ്ടാകുന്നു. കളി-തമാശ തുടങ്ങിയവ ... ഈ കാര്യം രണ്ടച്ഛന്മാരും പറയുന്നു ഞങ്ങൾ ഒന്നും തന്നെ ചെയ്തിട്ടില്ല. ഇത് ഡ്രാമയുടെ കളി നടന്നുകൊണ്ടിരിക്കുന്നതാണ്. ചെറിയ ചെറിയ കുട്ടികൾ വന്നു. ഇപ്പോൾ അവർ എത്ര വലുതായിരിക്കുന്നു.

കുട്ടികൾക്ക് എത്ര അത്ഭുകരമായ പേരാണ് സന്ദേശി പുത്രികൾ കൊണ്ട് വന്നത്, പിന്നീട് അവരിൽ നിന്ന് ആരാണോ ഓടിപ്പോയത്, അവർക്ക് ആ പേരേയില്ല, വീണ്ടും പഴയ പേര് വിളിക്കാൻ തുടങ്ങി. അതിനാലാണ് ബ്രാഹ്മണരുടെ മാല ഇല്ലാത്തത്.

നിങ്ങളുടെ കൈയ്യിൽ ഒന്നും തന്നെയില്ല. ആദ്യം മാല കറക്കിയിരുന്നു. ഇപ്പോൾ നിങ്ങൾ മാലയുടെ മുത്താകുന്നു. അവിടെ ഭക്തി ഉണ്ടാകില്ല, ഇത് മനസ്സിലാക്കാനുള്ള ജ്ഞാനമാണ്, അതും സെക്കന്റിന്റെ ജ്ഞാനമാണ്. പിന്നീട് ബാബയെ പറയുന്നു ജ്ഞാനത്തിന്റെ സാഗരൻ, മുഴുവൻ സാഗരവും മഷിയാക്കിയാലും, മുഴുവൻ വൃക്ഷങ്ങളും പേനയാക്കിയാലും പൂർത്തിയാകില്ല എന്നാലോ സെക്കന്റിന്റെ കാര്യം. ഈശ്വരനെ അറിഞ്ഞാൽ തീർച്ചയായും ചക്രവർത്തീ പദവി ലഭിക്കണം. എന്നാൽ ആ അവസ്ഥ നേടുന്നതിൽ അതായത് പതിതത്തിൽ നിന്ന് പാവനമാകുന്നതിൽ പരിശ്രമമുണ്ട്. ബാബ പറയുന്നു സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കൂ. ഇതിൽ പരിശ്രമമുണ്ട്. പരിശ്രമിപ്പിക്കുന്നത് ടീച്ചറാണെങ്കിലും അവരുടെ ഭാഗ്യത്തിലില്ലെങ്കിൽ ടീച്ചറും എന്ത് ചെയ്യും. ടീച്ചർ പഠിപ്പിക്കും. കൈക്കൂലി വാങ്ങി ജയിപ്പിക്കില്ല. ഇത് കുട്ടികൾക്കറിയാം ഈ ബാബയും ദാദയും രണ്ട്പേരും ഒരുമിച്ചാണ്. ബാപ്ദാദയുടെ പേരിൽ അനേകം പെൺകുട്ടികളുടെ കത്ത് വരുന്നുണ്ട്. ശിവബാബ കെയർ ഓഫ് പ്രജാപിതാ ബ്രഹ്മാ. അച്ഛനിൽ നിന്ന് സമ്പത്തെടുക്കുന്നു, ഈ ജേഷ്ഠനിലൂടെ. ത്രിമൂർത്തിയിലുണ്ട് – ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യിക്കുന്നു. ബ്രഹ്മാവിനെ രചയിതാവെന്ന് പറയില്ല. പരിധിയില്ലാത്ത രചയിതാവ് അത് ആ അച്ഛൻ തന്നെയാണ്. പ്രജാപിതാ ബ്രഹ്മാവും പരിധിയില്ലാത്തതായി. പ്രജാപിതാ ബ്രഹ്മാവെങ്കിൽ വളരെ പ്രജകളുണ്ടാകും. എല്ലാവരും പറയുന്നു ഗ്രേറ്റ്–ഗ്രേറ്റ് ഗ്രാന്റ് ഫാദർ, ശിവബാബയെ മുതുമുത്തച്ഛനെന്ന് പറയില്ല. ബാബ സർവ്വ ആത്മാക്കളുടെയും പിതാവാണ്. ആത്മാക്കളെല്ലാവരും സഹോദര–സഹോദരങ്ങളാണ്. പിന്നീട് സഹോദരീ–സഹോദരനാകുന്നു. പരിധിയില്ലാത്ത വൃക്ഷത്തിന്റെ തലവൻ ബ്രഹ്മാവാണ്. സാഹോദര്യ വൃക്ഷം ഉണ്ടാകാറില്ലേ. ഇതാണ് പരിധിയില്ലാത്ത വൃക്ഷം. ആദമും ബീബിയെന്നും, ആദം ഹവ്വയെന്നും ആരെയാണ് പറയുന്നത്? ബ്രഹ്മാ–സരസ്വതിയെയാണ് പറയുന്നത്. ഇപ്പോൾ വൃക്ഷം വളരെ വലുതായിരിക്കുന്നു. മുഴുവൻ വൃക്ഷവും ജീർണ്ണിച്ചിരിക്കുന്നു. വീണ്ടും പുതിയത് വേണം. ഇതിനെയാണ് പറയുന്നത് വൈവിധ്യമാർന്ന ധർമ്മങ്ങളുടെ വൃക്ഷം. വൈവിധ്യമാർന്ന സവിശേഷതകളാണ്, പരസ്പരം വ്യത്യസ്തങ്ങളാണ്, ഒന്ന് മറ്റൊന്നിനെ പോലെയായിരിക്കില്ല. ഓരോരുത്തരുടേയും കർത്തവ്യത്തിന്റെ പാർട്ട് വേറെ വേറെയാണ്. ഇത് വളരെ ഗുപ്തമായ കാര്യങ്ങളാണ്. അല്പ ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. വളരെ പ്രയാസമാണ്. നമ്മൾ ആത്മാവ് ചെറിയ ബിന്ദുവാണ്. പരംപിതാ പരമാത്മാവും ചെറിയ ബിന്ദുവാണ്, ഇവിടെ അരികത്ത് വന്ന് ഇരിക്കുന്നു. ആത്മാവ് ചെറുതും വലുതും ഉണ്ടായിരിക്കില്ല. അച്ഛന്റേയും ജേഷ്ഠന്റേയും ഒരുമിച്ചുള്ള പാർട്ട് വളരെ അദ്ഭുതകരമാണ്. ബാബ വളരെ അനുഭവിയായ ഈ രഥമെടുത്തിരിക്കുന്നു. ബാബ സ്വയം മനസ്സിലാക്കി തരുന്നു ഇത് ഭാഗ്യശാലി രഥമാണ്. ഈ കെട്ടിടം അഥവാ രഥത്തിൽ ആത്മാവിരിക്കുന്നു. നമ്മൾ ഇങ്ങനെയുള്ള ബാബയ്ക്ക് വാടകയ്ക്ക് നമ്മുടെ കെട്ടിടം അല്ലെങ്കിൽ രഥം കൊടുക്കുകയാണെങ്കിൽ എന്ത് മനസ്സിലാക്കും! അതുകൊണ്ടാണ് ഇദ്ദേഹത്തെ ഭാഗ്യശാലി രഥമെന്ന് പറയുന്നത്, അതിലാണ് ബാബയിരുന്ന് നിങ്ങൾ കുട്ടികളെ വജ്രത്തെ പോലെയുള്ള ദേവതയാക്കുന്നത്. മുൻപ് അറിഞ്ഞിരുന്നില്ല. തീർത്തും തുച്ഛ ബുദ്ധിയായിരുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ടെങ്കിൽ പിന്നെ നല്ല രീതിയിൽ പുരുഷാർത്ഥവും ചെയ്യണം, സമയം പാഴാക്കരുത്. സ്കൂളിൽ സമയം പാഴാക്കുന്നതിലൂടെ തോറ്റ് പോകും. ബാബ നിങ്ങൾക്ക് വളരെ വലിയ ലോട്ടറി നൽകുന്നു. ആരെങ്കിലും രാജാവിന്റെ വീട്ടിൽ ജന്മമെടുക്കുകയാണെങ്കിൽ ലോട്ടറി അടിച്ചത് പോലെയല്ലേ. ദരിദ്രനാണെങ്കിൽ ലോട്ടറിയെന്ന് പറയില്ല. ഇതാണ് ഏറ്റവും ഉയർന്ന ലോട്ടറി, ഇതിൽ സമയം പാഴാക്കരുത്. ബാബയ്ക്കറിയാം മായയുടെ ബോക്സിങ്ങുണ്ട്. അടിക്കടി മായ ദേഹ–അഭിമാനത്തിലേക്ക് കൊണ്ട് വരുന്നു. നിങ്ങളുടേത് ബാബയോടൊപ്പമുള്ള നേരിട്ടുള്ള യോഗമാണ്. സന്മുഖത്തിരിക്കുകയല്ലേ അതുകൊണ്ട് ഇവിടെ റിഫ്രഷാകാനാണ് വരുന്നത് ഡ്രാമയനുസരിച്ച്. ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് എന്താണോ മനസ്സിലാക്കി തരുന്നത് അത് ധാരണ ചെയ്യണം. ഈ ജ്ഞാനവും നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്. പിന്നീട് നഷ്ടപ്പെട്ടുപോകുന്നു. അനവധി ആത്മാക്കൾ ശാന്തിധാമത്തിലേക്ക് പോകും. പിന്നീട് അരകല്പത്തിന് ശേഷം ഭക്തി മാർഗ്ഗം ആരംഭിക്കുന്നു. അരകൽപമായി നിങ്ങൾ വേദശാസ്ത്രം പഠിച്ച് വരുന്നു, ഭക്തി ചെയ്ത് വരുന്നു. ഇപ്പോൾ അടിസ്ഥാന കാര്യം മനസ്സിലാക്കി തരുന്നു അതായത് നിങ്ങൾ അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ ജന്മ–ജന്മാന്തരത്തെ വികർമ്മം നശിക്കും. ഈ ജ്ഞാനമാണ് വരുമാനത്തിന്റെ ഉറവിടം, ഇതിലൂടെ നിങ്ങൾ കോടികോടി ഭാഗ്യശാലിയാകുന്നു. സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നു. അവിടെയാണെങ്കിൽ എല്ലാ സുഖങ്ങളുമുണ്ട്. ബാബ ഓർമ്മ ഉണർത്തുകയാണ്

നിങ്ങൾക്ക് സ്വർഗ്ഗത്തിൽ എത്ര അപാര സുഖമാണ് നൽകിയത്. നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിരുന്നു പിന്നീട് എല്ലാം നഷ്ടപ്പെടുത്തി. നിങ്ങൾ രാവണന്റെ അടിമയായിരിക്കുന്നു. രാമന്റേയും രാവണന്റേയും ഇത് എത്ര അദ്ഭുതകരമായ കളിയാണ്. ഇത് വീണ്ടും ഉണ്ടാകും. അനാദിയായ ഉണ്ടായതും-ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. സ്വർഗ്ഗത്തിൽ നിങ്ങൾ സദാ ആരോഗ്യവാൻമാരും സദാ സമ്പന്നരുമായാണ് കഴിയുന്നത്. ഇവിടെ മനുഷ്യന് ആരോഗ്യവാനാകുന്നതിന് എത്ര ചിലവാണ് ചെയ്യേണ്ടി വരുന്നത് അതും ഒരു ജന്മത്തേക്ക്. നിങ്ങൾക്ക് അരകൽപത്തേക്ക് സദാ ആരോഗ്യവാൻമാരാകുന്നതിൽ എന്ത് ചിലവാണ് വരുന്നത്. ഒരു നയാ പൈസ പോലും ഇല്ല. ദേവതകൾ സദാ ആരോഗ്യവാൻമാരല്ലേ. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് തന്നെ സദാ ആരോഗ്യവാനാകുന്നതിന് വേണ്ടിയാണ്. ഒരു ബാബക്കല്ലാതെ സർവ്വരെയും സദാ ആരോഗ്യവാൻമാരാക്കാൻ മറ്റാർക്കും കഴിയില്ല. നിങ്ങളിപ്പോൾ സർവ്വഗുണ സമ്പന്നരായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ബാബ നിങ്ങളെ പുതിയ ലോകത്തിന്റെ അധികാരിയാക്കികൊണ്ടിരിക്കുന്നു. ഡ്രാമാ പ്ലാനനുസരിച്ച് ഏതുവരെ ബ്രാഹ്മണനാകുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല. ഏതുവരെ പുരുഷോത്തമ സംഗമയുഗത്തിൽ ബാബയിലൂടെ പുരുഷോത്തമനാകാൻ വരുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല.

ശരി, ഇന്ന് ബാബ ആത്മീയ ഡ്രിൽ പഠിപ്പിച്ചു, ജ്ഞാനവും കേൾപ്പിച്ചു, കുട്ടികളെ ജാഗ്രതപ്പെടുത്തുകയും ചെയ്തു. അശ്രദ്ധ കാണിക്കരുത്, തല തിരിഞ്ഞ വാക്കുകളും പറയരുത്. ശാന്തിയിലിരിക്കു ബാബയെ ഓർമ്മിക്കു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1. വികർമ്മം വിനാശമാക്കി സ്വയത്തെ നന്നാക്കുന്നതിനായി ഓർമ്മയുടെ യാത്രയിൽ പൂർണ്ണമായ ശ്രദ്ധ നൽകണം. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം.

2. ദേവതയാകുന്നതിന് വേണ്ടി സംഗമയുഗത്തിൽ പുരുഷോത്തമനാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം, ഉപേക്ഷ കാണിച്ച് തന്റെ സമയം പാഴാക്കരുത്.

## വരദാനം:- ജ്ഞാനത്തിന്റെ ശ്രേഷ്ഠ ഖജനാവുകളെ മഹാദാനിയായി ദാനം ചെയ്യുന്നവരായ മാസ്റ്റർ ജ്ഞാനസാഗരനായി ഭവിക്കട്ടെ.

ബാബ ജ്ഞാനസാഗരനാണ് എന്നത് പോലെ മാസ്റ്റർ ജ്ഞാനസാഗരമായി സദാ മറ്റുള്ളവർക്ക് ജ്ഞാനം കൊടുത്തുകൊണ്ടേയിരിക്കൂ. ജ്ഞാനത്തിന്റെ എത്രയും ശ്രേഷ്ഠ ഖജനാവുകളാണ് താങ്കൾ കുട്ടികളുടെ പക്കലുള്ളത്. ആ ഖജനാവുകളാൽ നിറവുള്ളവരായി ഓർമ്മയുടെ അനുഭവങ്ങളിലൂടെ മറ്റുള്ളവരുടെ സേവനം ചെയ്യൂ. എന്ത് തന്നെ ഖജനാവ് ലഭിച്ചുവോ മഹാദാനിയായി അവയെ ദാനം ചെയ്തുകൊണ്ടേയിരിക്കൂ, എന്തുകൊണ്ടെന്നാൽ ഈ ഖജനാവുകൾ എത്രയും ദാനം ചെയ്തുകൊണ്ടിരിക്കുന്നുവോ അത്രയും വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കും. മഹാദാനിയാകുക എന്നാൽ കൊടുക്കുകയല്ല മറിച്ച് വീണ്ടും നിറക്കുകയാണ്.

## സ്ലോഗൻ:- ജീവന്മുക്തിയോടൊപ്പം ദേഹത്തിൽ നിന്ന് വേറിട്ട് വിദേഹിയാകുക- ഇതാണ് പുരുഷാർത്ഥത്തിന്റെ ലാസ്റ്റ് സ്റ്റേജ്.

**മാതേശ്വരിജിയുടെ മധുര മഹാവാക്യങ്ങൾ**

**'ഗുപ്ത വേഷധാരിയായ പരമാത്മാവിന്റെ മുന്നിൽ കന്യകമാരുടെയും, അമ്മമാരുടെയും സന്യാസം'**

ഇപ്പോൾ ലോകത്തിലെ മനുഷ്യർക്ക് ഈ ചിന്ത വരണം അതായത് ഈ കന്യകമാരും മാതാക്കളും

എന്തുകൊണ്ടാണ് സന്യാസം സ്വീകരിച്ചത്? ഇത് ഒരു ഹഠയോഗമോ, കർമ്മ സന്യാസമോ അല്ല എന്നാൽ തീർച്ചയായും സഹജയോഗം, രാജയോഗം, കർമ്മയോഗ സന്യാസമാണ്. പരമാത്മാവ് സ്വയം വന്ന് ജീവിച്ചിരിക്കെ ദേഹ സഹിതം ദേഹത്തിന്റെ എല്ലാ കർമ്മേന്ദ്രിയങ്ങളെയും മനസ്സുകൊണ്ട് സന്യാസം ചെയ്യിക്കുന്നു അർത്ഥം അഞ്ച് വികാരങ്ങളുടെയും സമ്പൂർണ്ണ സന്യാസം ചെയ്യേണ്ടത് തീർച്ചയാണ്. പരമാത്മാവ് വന്ന് പറയുന്നു ദാനം നൽകുകയാണെങ്കിൽ ഗ്രഹണം ഒഴിയും. ഇപ്പോൾ മായയുടെ ഏതൊരു ഗ്രഹണമാണോ അരകൽപമായി ബാധിച്ചിരിക്കുന്നത് ഇതിലൂടെ ആത്മാവ് കറുത്ത് പോയിരിക്കുന്നു (പതിതമായിരിക്കുന്നു), അതിനെ വീണ്ടും പവിത്രമാക്കണം. നോക്കൂ, ദേവതാ ആത്മാക്കൾ എത്ര പവിത്രവും തിളക്കമുള്ളതുമാണ്, എപ്പോഴാണോ ആത്മാവ് പവിത്രമായിട്ടുള്ളത് അപ്പോൾ ശരീരവും നിരോഗി പവിത്രമായത് ലഭിക്കുന്നു. ആദ്യം എന്തെങ്കിലും പ്രാപ്തി ഉണ്ടാകുമ്പോഴേ ഈ സന്യാസവും സാധ്യമാകൂ. ദരിദ്രന്റെ കുട്ടി ധനവാന്റെ ദത്ത് സ്വീകരിക്കുകയാണെങ്കിൽ തീർച്ചയായും എന്തെങ്കിലും കണ്ടിട്ടാണ് പോകുന്നത്, എന്നാൽ ധനവാന്റെ കുട്ടി ഒരിക്കലും ദരിദ്രന്റെ ദത്ത് സ്വീകരിക്കില്ല. അതുകൊണ്ട് ഇതൊരു അനാഥ ആശ്രമമല്ല, ഇവിടെ വലിയ-വലിയ ധനവാൻമാരും, ഉന്നതകുല ജാതരുമായ മാതാക്കളും കന്യകമാരുമാണുള്ളത്. ലൗകീക സംബന്ധികൾ അവരെപ്രതി ഇപ്പോഴും ആഗ്രഹിക്കുന്നു അവർ വീട്ടിലേക്ക് തിരിച്ച് വരണം എന്ന്, എന്നാൽ ആ മായാവി ധനവും, വസ്തുക്കളും അതായത് സർവ്വവും സന്യസിക്കാൻ ഇവർ എന്താണ് പ്രാപ്തമാക്കിയത്. അപ്പോൾ തീർച്ചയായും അതിലൂടെ അവർക്ക് കൂടുതൽ സുഖ, ശാന്തിയുടെ പ്രാപ്തി ഉണ്ടായിട്ടുണ്ട് അതുകൊണ്ടാണ് ആ ധന, വസ്തുക്കളെ തട്ടിക്കളഞ്ഞത്. രാജാ ഗോപീചന്ദ് അഥവാ മീര റാണീപദവി അഥവാ രാജപദവിയുടെ സന്യാസം ചെയ്തതുപോലെ. ഇതാണ് ഈശ്വരീയ അതീന്ദ്രിയ അലൗകിക സുഖം അതിന് മുൻപിൽ ആ ലൗകീക വസ്തുക്കൾ തുച്ഛമാണ്. അവർക്ക് ഇതറിയാം അതായത് ഈ മർജീവയാകുന്നതിലൂടെ നമ്മൾ ജന്മ-ജന്മാന്തരത്തേക്ക് അമരപുരിയുടെ ചക്രവർത്തീ പദവി പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണ്, അതുകൊണ്ട് തന്നെയാണ് ഭാവിയുണ്ടാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. പരമാത്മാവിന്റേതാകുക എന്നാൽ പരമാത്മാവിനന്റേതായി തീരുക, സർവ്വതും അവർക്ക് സമർപ്പിക്കുക പിന്നീട് റിട്ടേണായി അവർ അവിനാശി പദവി നൽകുന്നു. അതുകൊണ്ട് ഈ മനോകാമന പരമാത്മാവ് തന്നെയാണ് വന്ന് ഈ സംഗമ സമയത്തിൽ പൂർത്തിയാക്കുന്നത് എന്തുകൊണ്ടെന്നാൽ നമ്മൾക്കറിയാം വിനാശജ്വാലയിൽ ശരീരം-മനസ്സ്-ധന സഹിതം എല്ലാം ഭസ്മീഭൂതമാകുക തന്നെ ചെയ്യും, അങ്ങനെയെങ്കിൽ എന്തുകൊണ്ട് പരമാത്മാർത്ഥം സഫലമാക്കികൂടാ. ഇപ്പോൾ ഈ രഹസ്യവും മനസ്സിലാക്കണം അതായത് എല്ലാം തന്നെ വിനാശമാകുന്ന താണെങ്കിൽ നമ്മളിതെടുത്ത് എന്ത് ചെയ്യും. നമുക്ക് ഏതെങ്കിലും സന്യാസിമാരെ പോലെയോ, മണ്ഡലേശ്വരൻമാരെ പോലെയോ ഇവിടെ കൊട്ടാരമുണ്ടാക്കി ഇരിക്കേണ്ടതില്ല, മറിച്ച് ഈശ്വരാർത്ഥം വിത്ത് വിതയ്ക്കുന്നതിലൂടെ അവിടെ ഭാവിയിൽ ജന്മ-ജന്മാന്തരം ഈശ്വരന്റേതായി തീരുന്നു, ഇതാണ് ഗുപ്ത രഹസ്യം. പ്രഭു ദാതാവാണ് ഒന്ന് നൽകി നൂറ് നേടുന്നു. എന്നാൽ ഈ ജ്ഞാനത്തിൽ ആദ്യം സഹിക്കേണ്ടതായുണ്ട് എത്രത്തോളം സഹിക്കുന്നോ അത്രത്തോളം അന്തിമത്തിൽ പ്രഭാവം വരും അതുകൊണ്ട് ഇപ്പോൾ മുതലേ പുരുഷാർത്ഥം ചെയ്യൂ. ശരി.